# ജിന്നും കുട്ടിച്ചാത്തനും

? എന്റെ സഹോദരിയുടെ പ്രശ്നമാണ് ഞാനീ കത്തിലൂടെ എഴുതുന്നത്. 20 വയസ്സുകാരിയായ അവൾ ഒന്നരവർഷംമുമ്പ് വിവാഹമോചിതയായി വീട്ടിലിരിപ്പാണ്. ഈയിടെയായി അവൾ ചില പ്രത്യേക സ്വഭാവങ്ങൾ കാണിച്ചുതുടങ്ങിയിരിക്കുന്നു. ആദ്യമൊക്കെ നിസ്സഹകരണ സ്വഭാവവും ദേഷ്യവും മാത്രമേ പ്രകടിപ്പിച്ചിരുന്നുള്ളൂ. പിന്നീട് ഇടക്കിടക്ക് ബോധംകെട്ടുവീഴാൻ തുടങ്ങി. വീണസ്ഥലത്ത് കിടന്നുരുണ്ട് സഭ്യവും അസഭ്യവുമായ പലതും അബോധാവസ്ഥയിൽ വിളിച്ചുപറയും. ചിലപ്പോൾ ബോധാവസ്ഥയിൽ തന്നെ ഞാൻ മരിച്ചു പോയ വല്യുമ്മയാണെന്ന് പറയുകയും വല്യുമ്മയുടെ സ്വഭാവവും സംസാരങ്ങളും അനുകരിക്കുകയും ചെയ്യും.

ഞാൻ ഭദ്രകാളിയാണ്. കുട്ടിച്ചാത്തനാണ്. ഞാൻ അങ്ങനെയൊന്നും ഇറങ്ങിപ്പോകാൻ വേണ്ടി വന്നതല്ല. എന്നൊക്കെയാണ് അവൾ ചിലപ്പോൾ പറയുക. ഇടക്കിടെ ഞാൻ ബീവിയാണ്. എല്ലാ രോഗങ്ങളും സുഖമാക്കും. എനിക്ക് വഹ്‌യ് ലഭിക്കുന്നുണ്ട്. എന്നുപറയുകയും മലക്കുകളോടെന്നപോലെ സംസാരിക്കുകയും മന്ത്രങ്ങളുരുവിടുകയും ചെയ്യും. അവളുടെ ശത്രുക്കൾ അവളെ കുറ്റപ്പെടുത്തി പറയുന്നതായും അവരോട് ശകാരവാക്കുകൾ ചൊരിയുന്നതായും അവതരിപ്പിക്കും. ഉറക്കത്തിൽ പൊട്ടിച്ചിരിക്കുകയും തേങ്ങിക്കരയുകയും അട്ടഹസിക്കുകയും ചെയ്യും.

ചില ദിവസങ്ങളിൽ ഉന്മേഷവതിയായി സന്തോഷ ത്തോടെ അവളെ കാണാം. എല്ലാവരോടും നല്ലനിലയിൽ പെരുമാറും. അതിനിടയിൽ ഹിന്ദി യും ഇംഗ്ലീഷും മലയാളവും കലർന്ന സങ്കരഭാഷയിൽ സംസാരിക്കാൻ തുടങ്ങും. കഴിഞ്ഞ ഒരു വർഷമായി ഇത്തരത്തിലുള്ള സ്വഭാവങ്ങൾ അവൾ മാറിമാറി അവതരിപ്പിക്കുന്നു. അവളുടെ അസുഖം കാരണം ഞാൻ സ്വന്തം ഭർതൃവീട്ടിലേക്ക് പോവാതെ അവളെ പരിചരിക്കുകയാണ്. ഇവളുടെ അസുഖം കാരണം ഉമ്മ മാനസികമായി

തകർന്നിരിക്കുന്നു. വളരെ പ്രായസങ്ങളനുഭവിച്ചാണ് ഉപ്പ അവളെ വിവാഹം ചെയ്തയച്ചത്. ഭർതൃവീട്ടുകാരുമായുണ്ടായ പ്രശ്നത്തിന്റെ പേരിൽ ആറുമാസം നീണ്ടുനിന്ന ആ വിവാഹജീവിതം തകർന്നു. അതിന്റെ വിഷമത്തിൽനിന്ന് മോചിതയാകുന്നതിനുമുമ്പ് ഇങ്ങനെയൊരു അസുഖംവന്നതിനാൽ ഉപ്പയും വല്ലാതെയായിരിക്കുന്നു. ആകെയുള്ള സഹോദരൻ വിദേശത്തു മാണ്.

പല നാടൻചികിത്സകളും നടത്തി. മന്ത്രവാദികളേയും പൂജാരിമാരേയും സമീപിച്ചു. പല ഹോമങ്ങളും നടത്തി. പുരയുടെ നാലു ഭാഗങ്ങളിൽ കുഴിച്ചിടാനുള്ളതും തൂക്കിയിടാനുള്ളതുമെല്ലാം ചെയ്തു. കാര്യമായ പ്രയോജനമുണ്ടായില്ല. പല ഡോക്ടർമാരേയും കാണിച്ചു. ഒരു ഹോസ്പിറ്റലിൽ രണ്ടാഴ്ച അഡ്മിറ്റ് ചെയ്തു ശുശ്രൂഷിച്ചു. ചികിത്സ ചെയ്താലും ചെയ്തില്ലെങ്കിലും രോഗം ഇടക്കിടക്ക് കുറഞ്ഞുവരികയും കൂടുകയും ചെയ്യും. അവളുടെ ആരോഗ്യവും നഷ്ടപ്പെട്ടുവരികയാണ്. അത്യാവശ്യം തടിയും സൗന്ദര്യവുമുണ്ടായിരുന്ന അവൾ ആകപ്പാടെ മെലിഞ്ഞിരിക്കുന്നു. അവളുടെ നടുവ് വില്ലുപോലെ വളയും. ചില ദിവസങ്ങളിൽ മലമൂത്ര വിസർജനം നടത്തില്ല. എന്താണിതിനുകാരണം? ഇവൾക്ക് പിശാചിന്റെയോ ജിന്നിന്റെയോ ബാധയേറ്റതാണോ? അതോ മാനസിക രോഗമാണോ? ഇവൾക്കിനി നല്ലൊരു ജീവിതം നയിക്കാനാവില്ലേ? യുക്തമായ മറുപടി നൽകി ഞങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

–റുഖിയ്യ

മനോവിഷമത്തിലകപ്പെട്ട് പലപ്പോഴായി പലരീതിയിൽ പെരുമാറിക്കൊണ്ടിരിക്കുന്ന നിങ്ങളുടെ സഹോദരിയെക്കുറിച്ചുള്ള കത്ത് വായിച്ചു. ചെറുപ്പത്തിലേ വിവാഹമോചിതയാവാൻ വിധിക്കപ്പെട്ടവളാണവളെന്ന് മനസ്സിലായി. വിവാഹമോചിതയാക്കപ്പെട്ട സംഭവങ്ങളും കാരണങ്ങളും കത്തിൽ വ്യക്തമല്ല. വിവാഹമോചിതയാവുകയെന്നത് ഒരു ചെറുപ്പക്കാരിയെ സംബന്ധിച്ചിടത്തോളം വലിയൊരു മാനസികാഘാതത്തിന് വഴിവെക്കുമെന്ന് പറയേണ്ടതില്ലല്ലോ.

ബോധമനസ്സിന് താങ്ങാനാവാത്ത ദുഃഖഭാരം ചിലപ്പോൾ ചില അബോധമനസ്സിലേക്ക് ഇറക്കിവിടും. ഈ ദുഃഖഭാരം അബോധമനസ്സിൽ കിടന്ന് ഞെരുങ്ങുകയും തിളച്ചുമറിയുകയും ചെയ്യുമ്പോൾ പുറത്തേക്ക് ബഹിർഗമിക്കുന്ന കുമിളകളാണ് ഈ ചേഷ്ടകളിലൂടെ നിങ്ങളുടെ





സഹോദരി പ്രകടിപ്പിക്കുന്നത്. പൈശാചികബാധയോ ജിന്നിന്റെ സേവയോ നിങ്ങളുടെ സഹോദരിയിലില്ല. അവളെ അലട്ടുന്ന പ്രശ്നങ്ങളെക്കുറിച്ച് വിശദമായ അപഗ്രഥനം നടത്തിയാലേ ചികിത്സ നിർദേശിക്കാൻ പറ്റൂ. മനസ്സിന് സ്വയം പരിഹരിക്കാനാവാത്ത പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുമ്പോൾ ബോധമനസ്സ് നടത്തുന്ന ഒളിച്ചോട്ടം മൂലം ഉപബോധമനസ്സ് രംഗത്തുവരുന്നു. ഈ ഉപബോധമനസ്സിന്റെ പ്രവർത്തനങ്ങളാണ് നിങ്ങളുടെ സഹോദരിയിൽ കാണുന്നതെന്ന് നിങ്ങൾ വിവരിച്ച സ്വഭാവങ്ങളിൽനിന്ന് മനസ്സിലാവുന്നു.

ഒരു വ്യക്തിക്ക് അടക്കാനാവാത്ത ദുഃഖം വരുമ്പോൾ മൂന്നു രൂപത്തിലാണ് അതിനെ കൈകാര്യം ചെയ്യുക. വിശ്വാസമുള്ള മനസ്സിനു മാത്രമേ ഒന്നാമത്തേതിന് സാധിക്കുകയുള്ളൂ. പ്രയാസങ്ങളും പ്രശ്നങ്ങളും ദുഃഖവും എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിക്കുക. എല്ലാം അല്ലാഹുവിന്റെ പരീക്ഷണമാണെന്നും അതിൽ എന്തെങ്കിലും ഒരു ഗുണം ഒളിഞ്ഞിരിപ്പുണ്ടാവുമെന്നും ആ മനസ്സ് വിശ്വസിക്കും. എല്ലാം ക്ഷമിച്ച് ഭാവിസുഖത്തിനുവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കും. അല്ലാഹുവിലുള്ള ദൃഢവിശ്വാസവും സഹനവും ആ വ്യക്തിയുടെ ദുഃഖങ്ങൾ ലഘൂകരിക്കുകയാണുണ്ടാവുക.

ചിലർ സ്വയം ഏറ്റുപറഞ്ഞ് ദുഃഖങ്ങൾക്ക് പരിഹാരം കാണും. അങ്ങനെയൊക്കെ സംഭവിച്ചു. അതുപോട്ടെ. തുടങ്ങിയ വാചകങ്ങളിലൂടെ അവർ മനസ്സ് സ്വസ്ഥമാക്കും. ചിലർക്കതിന് സാധിക്കയില്ല. അവർക്ക് ദുഃഖങ്ങളും പ്രയാസങ്ങളും കടിച്ചമർത്താൻ കഴിയുകയില്ല. അതിനു മാത്രം ആ വ്യക്തിയുടെ മനസ്സ് മൂടപ്പെട്ടിരിക്കും. അവ ആ വ്യക്തിയുടെ ബോധമനസ്സിൽനിന്ന് ഉപബോധമനസ്സിലേക്ക് ഊർന്നിറങ്ങും. ആ ഉപബോധമനസ്സ് പ്രവർത്തിക്കുകയും ബോധമനസ്സ് അപ്രത്യക്ഷമാവുകയും ചെയ്യുമ്പോഴാണ് നിങ്ങളുടെ സഹോദരിയിൽ കാണുന്ന ചേഷ്ടകൾ പ്രകടമാകുന്നത്.

ജിന്നും, ബീവിയും ഭദ്രകാളിയുമൊക്കെയാവുന്നത് അവളുടെ ഉപബോധമനസ്സാണ്. നിങ്ങൾ വിവരിച്ചതിലും മാരകമായ ചേഷ്ടകൾ ഇത്തരം രോഗികൾ കാണിക്കാറുണ്ട്. എന്തെങ്കിലും ഒരു പ്രശ്നം പരിഹരിക്കപ്പെടാതെ അവളുടെ മനസ്സിൽ നിലനിൽക്കുന്നുണ്ടാകും. അത് കണ്ടെത്തണമെങ്കിൽ അവളുടെ മനസ്സിനെ പഠിക്കേണ്ടിയിരിക്കുന്നു. അസംതൃപ്തമനസ്സുകളിൽ കാണുന്ന ഹിസ്റ്റീരിയ എന്ന മനോഞരമ്പു രോഗ (Psycho neurotic) മാണ് നിങ്ങളുടെ സഹോദരിയിലുള്ളത്.

ഇതൊരു ശാരീരികരോഗമല്ല. ശാരീരികരോഗമെന്നനിലയിൽ ചികിത്സിച്ചത് കൊണ്ട് കാര്യവുമില്ല. മനസ്സിന്റെ വ്യഥകൾ ശരീരത്തിലെ

വിവിധ രോഗാഭിനയങ്ങളിലൂടെയും രോഗങ്ങളിലൂടെയും അവതരിപ്പിക്കുകയാണവർ. അസംതൃപ്തമായ മനസ്സുകൾ സംതൃപ്തിക്ക് വേണ്ടി വെമ്പുമ്പോൾ അവർ തേടുന്ന വളഞ്ഞ വഴികളാണ് ഹിസ്റ്റീരിയ എന്ന ഈ രോഗമായി മാറുന്നത്.

നിങ്ങളുടെ സഹോദരിയുടെ മാനസിക സംഘർഷത്തിന് ഇടയാക്കിയ കാരണങ്ങൾ അപഗ്രഥിച്ച് അവക്ക് പരിഹാരം കണ്ടാൽ അവളെ രോഗവിമുക്തയാക്കാം. രോഗി വിളിച്ചുപറയുകയും കാണിക്കുകയും ചെയ്യുന്ന സംഗതികളെക്കുറിച്ച് അന്വേഷിക്കുകയും അവക്കു വേണ്ടി ചികിത്സിക്കുകയും ചെയ്യാതെ രോഗത്തിന്റെ മൂലകാരണം കണ്ടെത്തുകയാണ് ഹിസ്റ്റീരിയക്കുള്ള ഏക പ്രതിവിധി. അവളിൽ ഹിസ്റ്റീരിയ വരാനുണ്ടായ സാഹചര്യം മായ്ച്ചുകളയുന്നതോടൊപ്പം പ്രസ്തുത കാരണം തുടച്ചുനീക്കപ്പെട്ടുവെന്ന് അവളെ ബോധ്യപ്പെടുത്തുകയും വേണം.

By this reply this man is killing that girl!!!!

## അന്തർധാര

അന്തർധാര

ഔഷധ പാനീയങ്ങളെക്കാളും അന്തരീക്ഷ
വായുവിനെക്കാളും അധികം മനസ്സിനെ
ആരോഗ്യവത്താക്കുന്നത് അവന്റെ സങ്കൽപസൂത്രങ്ങളാണ്.
അഥവാ, സദ്‌വിചാരങ്ങളാണ്.

സ്ത്രീ മനസ്സ് പുരുഷനിലും,
പുരുഷ മനസ്സ് സ്ത്രീയിലും വെച്ചുകാണാനാണ്
ആധുനിക സമൂഹം ശ്രമിക്കുന്നത്.